**സപ്ളൈകോയുടെ ഭക്ഷ്യക്കിറ്റ് പായ്ക്കിങ്ങിന് ഇടുക്കി ജില്ലയിൽ 1058 കുടുംബശ്രീ വനിതകൾ**

ലോക്ക് ഡൗൺ കാലത്ത് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ സപ്ളൈകോ വഴിയുള്ള ഭക്ഷ്യക്കിറ്റ് പായ്ക്കിങ്ങിന് 1058 കുടുംബശ്രീ വനിതകൾ സജീവമായി രംഗത്ത്. 62,645 കിറ്റുകൾ പായ്ക്ക് ചെയ്യുന്നതിനാണ് സപ്ളൈകോ ഇവരോട് ആവശ്യപ്പെട്ടത്. ഇതുവരെ 52,966 കിറ്റുകൾ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ പായ്ക്ക് ചെയ്തു കഴിഞ്ഞു. ആവശ്യമനുസരിച്ച് എത്ര കിറ്റുകൾ വേണമെങ്കിലും പായ്ക്ക് ചെയ്യാൻ സന്നദ്ധ സേവകരായി വിവിധ സി.ഡി.എസുകളിലെ വനിതകൾ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്.

ലോക്ക് ഡൗൺ കാലത്ത് മതിയായ ഭക്ഷ്യവസ്തുക്കൾ എല്ലാവർക്കും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സപ്ളൈകോ വഴി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും സപ്ളൈകോ ഡിപ്പോകൾക്ക് കീഴിലുള്ള വിവിധ പായ്ക്കിങ്ങ് കേന്ദ്രങ്ങൾ വഴി ഭക്ഷ്യക്കിറ്റ് പായ്ക്ക് ചെയ്യുന്ന സന്നദ്ധ സേവനത്തിൽ നൂറുകണക്കിന് അയൽക്കൂട്ട വനിതകളാണ് മുന്നോട്ടു വന്നിട്ടുള്ളത്. ഇടുക്കി ജില്ലയിലും സമാന രീതിയിൽ ഭക്ഷ്യക്കിറ്റ് വിതരണത്തിന് തയ്യാറാക്കുന്നതിനായി ആയിരത്തിലേറെ സ്ത്രീകൾ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

ജില്ലയിൽ തൊടുപുഴ ഇടവെട്ടി, മൂന്നാർ, നെടുങ്കണ്ടം എന്നിവിടങ്ങളിലാണ് സപ്ളൈകോയുടെ കീഴിലുള്ള മൂന്നു ഡിപ്പോകൾ പ്രവർത്തിക്കുന്നത്. നിലവിൽ 26 സി.ഡി.എസുകളിലായി പ്രവർത്തിക്കുന്ന സപ്ളൈകോയുടെ വിവിധ പായ്ക്കിങ്ങ്

കേന്ദ്രങ്ങളിലേക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ നിന്നും എത്തിക്കുന്ന വിവിധ ഭക്ഷ്യോൽപന്നങ്ങൾ കൃത്യമായ അളവുകളിൽ പ്രത്യേക കവറുകളിലാക്കി സീൽ ചെയ്ത് പായ്ക്ക് ചെയ്യുകയും സർക്കാർ നിർദ്ദേശ പ്രകാരമുള്ള 17 ഉൽപന്നങ്ങളും ഓരോ കിറ്റിലും നിറയ്ക്കുകയുമാണ് ഇവർ ചെയ്യുന്നത്. ഇതോടൊപ്പം നിർദ്ദിഷ്ട അളവിൽ ഓരോ കിറ്റിലും എല്ലാ ഭക്ഷ്യോൽപന്നങ്ങളുമുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

കൊന്നത്തടി, വെള്ളത്തൂവൽ, ഏലപ്പാറ, ശാന്തൻപാറ, ആലക്കോട്, കുടയത്തൂർ, ഉടുമ്പന്നൂർ, വണ്ണപ്പുറം, വെള്ളിയാമറ്റം, കാമാക്ഷി, മരിയാപുരം, വാഴത്തോപ്പ്, അയ്യപ്പൻ കോവിൽ, ചക്കുപള്ളം, ഇരട്ടയാർ, കട്ടപ്പന, വണ്ടൻമേട്, പാമ്പാടുംപാറ, രാജാക്കാട്, രാജകുമാരി, പുറപ്പുഴ, ഇടവെട്ടി, കരിങ്കുന്നം, കുമാരമംഗലം, മണക്കാട് എന്നീ സി.ഡി.എസുകളിലാണ് പായ്ക്കിങ്ങ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. പുറപ്പുഴ സി.ഡി.എസിൽ മാത്രമാണ് പായ്ക്കിങ്ങിന് രണ്ടു കേന്ദ്രങ്ങളുള്ളത്.

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ മുഖേനയാണ് സപ്ലൈകോ കേന്ദ്രങ്ങളിലേക്ക് പായ്ക്കിങ്ങിനു വേണ്ടി അയൽക്കൂട്ട വനിതകളെ എത്തിക്കുന്നത്. തുടക്കത്തിൽ കുറച്ച് സ്ത്രീകൾ മാത്രമാണ് ഭക്ഷ്യക്കിറ്റ് പായ്ക്ക് ചെയ്യാൻ വന്നതെങ്കിൽ പിന്നീട് കൂടുതൽ വനിതകൾ ഇതിന് സജ്ജമായി. ജില്ലയിലെ കാമാക്ഷി പഞ്ചായത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ വനിതകൾ പായ്ക്കിങ്ങിനു വേണ്ടി എത്തിയിട്ടുള്ളത്. 188 കുടുംബശ്രീ വനിതകളാണ് ഈ പഞ്ചായത്തിൽ നിന്നും ഭക്ഷ്യക്കിറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നത്. രാവിലെ 9.30 മുതൽ 5 മണി

വരെയാണ് പ്രവർത്തന സമയം. ഭക്ഷ്യക്കിറ്റ് വിതരണത്തിനു തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിരവധി വനിതകൾ എല്ലാ കേന്ദ്രങ്ങളിലും പ്രവർത്തന നിരതരാണ്.

ഭക്ഷ്യക്കിററുകൾ പായ്ക്ക് ചെയ്ത് വിതരണത്തിനു തയ്യാറാക്കുന്നതു കൂടാതെ ഇതിനാവശ്യമായ തുണിസഞ്ചികളും ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ വഴി തയ്ച്ച് സപ്ളൈകോയ്ക്ക് നൽകിയിരുന്നു. 70,650 തുണിസഞ്ചികളാണ് ഇതുവരെ നൽകിയത്. 23 തയ്യൽ യൂണിറ്റുകൾ ചേർന്നാണ് ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഇത്രയും തുണിസഞ്ചികൾ തയ്ച്ചു നൽകിയത്.